# ഇടശ്ശേരിയുടെ ഹനുമാൻ

**അജയപുരം ജ്യോതിഷ്കുമാർ**

മലയാളത്തിന്റെ മധുരോദാരമായ സംസ്കാരവും പാരമ്പര്യവും ഇടശ്ശേരിക്കവിതയ്ക്ക് ജീവവായുപോലെ വിലപ്പെട്ടതാണ്. വള്ളത്തോളിന്റെ കളരിയിലാണ് വളർന്നുവന്നതെങ്കിലും സ്വകീയമായ ഒരു ആത്മബലം സ്വന്തം രചനകളിൽ ആർജിച്ചുവയ്ക്കാൻ ആദ്യം മുതൽക്കേ ഇടശ്ശേരി ശ്രദ്ധിച്ചിരുന്നു. നാടൻ പാട്ടുകളുടെ ചുണയും ചൊടിയും സാധാരണത്വവും വൃത്തനിബന്ധനകളോടൊപ്പം അദ്ദേഹം പരിപാലിച്ചുപോന്നു. പുരാണകഥകളും നാടോടിമിത്തുകളും കവിതയ്ക്ക് ഇതിവൃത്തമാക്കാനുള്ള അസാമാന്യവൈഭവവും ഇടശ്ശേരിക്കുണ്ടായിരുന്നു. ശാസ്ത്രബോധത്തേയും വൈജ്ഞാനിക സത്തയേയും അംഗീകരിക്കുമ്പോൾതന്നെ കവിതയിലുള്ള വൈകാരികാംശത്തിന്റെ പ്രാധാന്യത്തെ അദ്ദേഹം ഊന്നിപ്പറഞ്ഞു. "നമ്മുടെ മുപ്പതുമുക്കോടി ദേവന്മാരടങ്ങിയ പുരാണസങ്കേതങ്ങളേയും ഭൂതപ്രേതപിശാചസമ്പൂർണങ്ങളായ ഐതിഹാസങ്ങളെയും എന്തിന്റെ പേരിലായാലും ഒരു കവി നിഷേധിച്ചുകൂടാത്തതാണ്" (ആമുഖം- കുങ്കുമപ്രഭാതം) എന്നായിരുന്നു അദ്ദേഹത്തിന്റെ സുചിന്തിതാഭിപ്രായം. എന്നാൽ കേവലപുനരാഖ്യാനമോ ഭക്തിക്കുവേണ്ടിയുള്ള വിസ്തൃതവ്യാഖ്യാനരൂപമോ ആയല്ല പൗരാണിക കഥാംശത്തിൽ ഇടശ്ശേരി കൈവയ്ക്കുന്നത്. പുരോഗമനപരവും കാലികവുമായ ഒരു വീക്ഷണമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. കവിതയിൽ സ്വീകൃത വിഷയത്തിന് ഇടശ്ശേരി വരുത്തുന്നൊരു പാകപ്പെടുത്തലുണ്ട്. കവിതയെ സംബന്ധിച്ചിടത്തോളം ഈ പാകപ്പെടുത്തൽ പരമപ്രധാനമാണ്. 'ഹനുമൽസേവ തുഞ്ചൻപറമ്പിൽ' ഇത്തരം പാകപ്പെടുത്തലിലൂടെ സൃഷ്ടിക്കപ്പെടുന്ന ഉദാത്തരചനയാണ്.

തുഞ്ചൻദിനാഘോഷത്തിനുവായിക്കാൻ വേണ്ടിയാണ്, 'ഹനുമൽസേവ തുഞ്ചൻപറമ്പിൽ' ഇടശ്ശേരി എഴുതിയത്. എഴുത്തച്ഛനോടും രാമദാസനായ ഹനുമാനോടുള്ള സ്നേഹാദരങ്ങൾ ഈ കവിതയിൽ പ്രകടമാണ്. രണ്ടു കർമയോഗികളെ ഒരേസമയം ഹൃദയത്തിലിരുത്തി നടത്തുന്ന പൂജയാണ് ഇതെന്നും പറയാം. തുഞ്ചത്തെഴുച്ഛന്റെ പാദരേണുക്കൾ ശിരസിലേററു വാങ്ങുന്ന കവി എഴുത്തച്ഛൻ കവിതയുടെ ലാവണ്യാനുഭവത്തിൽ ഭക്തിയും ആദരവും ഭ്രമാത്മകതയും ഇടകലർത്തുന്നു. എഴുത്തച്ഛന്റെ സ്വത്വത്തിൽ നിന്ന് ഭക്തലോകോത്തംസമായ ഹനുമാന്റെ സന്നിധിയിലേക്ക് ചെന്നെത്തുന്ന കവിമനസ്സ് ദാർശനികമായ തലങ്ങളിലൂടെ ഇടവിടാതെ സഞ്ചരിച്ച് ആധുനിക മനുഷ്യൻ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും ഉത്തരം തേടാനുള്ള ആഗ്രഹവും പ്രകടിപ്പിക്കുന്നു.

ഹനുമാന്റെ ഭക്തിയും സാഹസികതയും പ്രത്യുൽപ്പന്നമതിത്വവും സർവാദരണീയമാണ്. പക്ഷേ, രാമചന്ദ്രന്റെ സഹായി, ദൂതൻ എന്നീനിലകളിലാണ് ഹനുമാൻ പൊതുവേ തിരിച്ചറിയപ്പെടുന്നത്. അവതാരപുരുഷനായ രാമനെ സഹായിക്കാൻ വന്ന ദൈവാംശസംഭവനായ വാനരശ്രേഷ്ഠനായാണ് ഹനുമാൻ രാമായണകഥയിൽ നിറഞ്ഞുനിൽക്കുന്നത്. എന്നാൽ, ഇടശ്ശേരിയുടെ ഹനുമാനാകട്ടെ സ്വകീയമായ വ്യക്തിത്വത്തിന്റെ പ്രകാശമാർഗങ്ങളെ കാട്ടിത്തരാൻ ശ്രമിക്കുന്നു. രാമനേക്കാൾ പ്രാധാന്യമാണ് രാമദാസനായ ഹനുമാന് ഇടശ്ശേരി നൽകുന്നത്. അസാമാന്യമായ ആ വ്യക്തിവൈഭവത്തിന്റെ വളർച്ചയുടെ ഘട്ടങ്ങളെയാണ് 'ഹനുമൽസേവ തുഞ്ചൻപറമ്പിൽ' പറഞ്ഞുവയ്ക്കുന്നത്. ഹനുമാന്റെ ജന്മം കർമസായൂജ്യം നിറഞ്ഞതായിരുന്നു. സേവനനിരതമായ ആ ജന്മത്തിന്റെ കാൽപ്പാടുകൽ പിൻപററാൻ കവി മോഹിക്കുന്നു. ഇഹലോകത്തിലെ ഏതു സുഖത്തിനും മീതെ ഉയർന്നുനിൽക്കുന്ന ആ പരമപദത്തിലെത്താനുള്ള വെമ്പലിനിടയിലാണ് ഭക്തിയും പൗരുഷവും ചേർന്ന യഥാർഥ ഹനുമൽസ്വരൂപത്തെ ഇടശ്ശേരി തിരിച്ചറിയുന്നത്. ആദരവു കലർന്ന ഭക്തിയുടെ കിനിഞ്ഞൊഴുകലായി ഇടശ്ശേരിയുടെ ഹനുമൽസേവ മാറുന്നു.

തുഞ്ചൻപറമ്പിലിന്റെ ചൈതന്യത്തിൽനിന്നുകൊണ്ട് കവി എഴുത്തച്ഛനേയും എഴുത്തച്ഛൻ അനശ്വരനാക്കിയ കഥാപാത്രമായ ഹനുമാനേയും കാണുന്നു. തുഞ്ചൻപറമ്പുതന്നെ ഒരു രാമരാജ്യവും രാമായണകഥാസ്ഥലവുമായി മാറുകയാണ്. കവിയുടെയും ഹനുമാന്റെയും സ്വത്വം സമന്വയിക്കുന്നതിന്റെ അപൂർവാനുഭവാണ് തുടർന്ന് അനുവാചകന് ബോധ്യമാകുന്നത്. എങ്ങനെയാണ് യഥാർഥ രാമഭക്തനായി ഹനുമാൻ മാറുന്നതെന്നു കാണിക്കുന്നകവി തുഞ്ചൻപറമ്പിലെ ഹനുമൽസേവയിലൂടെ സ്വയം ശുദ്ധനാക്കുന്ന പവിത്രകർമത്തിന് പാത്രമാകുന്നു. ഹനുമൽകഥാശ്രമവണത്തിലൂടെ സംയമനത്തിന്റേയും സേവനസന്നദ്ധതയുടേയും നേർവഴികൾ ഏതൊരാൾക്കും തെളിഞ്ഞുകിട്ടുമെന്ന് കവി ഉള്ളുണർത്തുന്നു.

അധ്യാത്മരാമായണത്തിലെ സുന്ദരകാണ്ഡം ഹനുമാന്റെ സിദ്ധിവിശേഷണത്തിന്റേയും അസാ

മാന്യധീരതയുടെയും പ്രകടനപത്രികയാണ്. തുഞ്ചത്താചാര്യന് കിളിപ്പാട്ടിലൂടെ ഹനുമാന്റെ ചരിതം സുന്ദരമാക്കാൻ സാധിച്ചുവെന്ന് ഇടശ്ശേരി പറയുന്നു.

'രാമാംഘ്രിപരാഗത്തെസ്സഫലം സീതാപദ-
ത്താമരപ്പൂവിൽ ചേർത്ത കാറൊളി വണ്ടത്താനേ'

എന്ന സംബോധനയിലൂടെ ഹനുമൽദൗത്യത്തെ സംക്ഷേപിച്ചു പറയുന്ന ഇടശ്ശേരി ലോകോത്തരസന്ദേശമായി സുന്ദരകാണ്ഡത്തെ കാണുകയാണ്. രാമായണത്തിലെ സന്ദേശവീരനായ ഹനുമാന്റെ പാദരേണുക്കൾ ശിരസിൽപ്പതിയുന്ന നേരത്ത് താനൊരു രണ്ടാം മേഘസന്ദേശംപാടുമെന്ന് ഇടശ്ശേരി കരുതുന്നു. പൂർവസൂരികളായ വാൽമീകിക്കും കാളിദാസനുമൊപ്പം ആദരണീയമായസ്ഥാനം എഴുത്തച്ഛനും നൽകുകയാണ് ഇടശ്ശേരി ഇവിടെ.

തുഞ്ചൻ തറവാട്ടിലെ പൂമുഖത്തിരുന്ന് ഗുരുപുത്രിപാടുന്ന രാമായണകഥാമുഹൂർത്തങ്ങൾ കേൾക്കാൻ അങ്കണത്തെവൃക്ഷത്തിൽ അണുരൂപിയായി ഹനുമാൻ വന്നിരിക്കാറുണ്ടെന്ന് കവി കരുതുന്നു. രാമായണം വായിക്കുന്നിടത്ത് ഹനുമാന്റെ സാന്നിധ്യാനുഗ്രഹങ്ങൾ പ്രതീക്ഷിക്കാമെന്ന വിശ്വാസത്തേയും ഇച്ഛയ്ക്കൊത്ത് രൂപം മാറാനുള്ള ഹനുമാന്റെ കഴിവിനേയും ഈ ആശയത്തിൽ ഒരുമിച്ചുൾക്കൊള്ളിച്ചിരിക്കുന്നു. ലങ്കാസമുദ്രം ഭേദിച്ച ആ സാഹസികതയോളം വലുതായ മററൊരു കർമം ലോകത്തിലില്ലെന്നാണ് പിന്നീട് കവി അദ്ഭുതം കൂറുന്നത്. ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ഹനുമാനുമുന്നിൽ ഒരു വിഘ്നവും പ്രശ്നമായില്ല. ഹനുമാന്റെ സേവനോത്സുകതയും ആത്മവിശ്വാസവും മനക്കരുത്തും കവിയെ വിസ്മയഭരിതനാക്കുകയാണ്.

രാവണന്റെ അധർമത്തേയും പാപത്തേയും കുറിച്ചെഴുതുമ്പോൾ ഇടശ്ശേരിയുടെ വാഗ്വൈഭവവും ശിൽപ്പബോധവും ലോകവീക്ഷണവും ദാർശനികാവബോധവും ഒരുമിക്കുന്നതുകാണാം.

'അധർമപരിശുഷ്കം ലങ്കതന്നോലപ്പുറ-
ത്തരക്കൻ നിക്ഷേപിച്ച ചെങ്കനൽപ്പൊരിപോലെ'

ആണ് ആശരപുരിയിലിരിക്കുന്ന സീതയെ ഹനുമാൻ കാണുന്നത്. അഭിജാതമായ അലങ്കാര പ്രയോഗത്തിലൂടെ രാവണന്റെ നൃശംസതയും അധാർമികതയും ലങ്കയെ ഏതുവിധമാക്കിയെന്ന് കവി വെളിവാക്കുന്നു. ഓലപ്പുറത്ത് ഒരു തീപ്പൊരിവീണാൽ നിമിഷനേരംകൊണ്ട് അത് കത്തിയമരുംപോലെ രാവണന്റെ അധർമവും അഹങ്കാരവും അടക്കുന്ന അഗ്നിയായി സീത മാറുന്നു. തന്റെ മുന്നിൽ വെച്ച് സീതയെ തൊടാനെത്തിയ രാവണനെ ആ നിമിഷത്തിൽ തന്നെ വധിക്കാൻ ഹനുമാന് സാധിക്കുമായിരുന്നു. പക്ഷേ, സ്വാമിഭക്തനും യമിയുമായ ഹനുമാൻ സ്വയം നിയന്ത്രിച്ചു. ഭക്തിയും വിശ്വാസവും സ്വന്തം ഭൗതികബലത്തെ മറികടക്കുന്ന ആത്മീയബലമായി ഹനുമാനിൽ വർത്തിക്കുന്നു. യജമാനന്റെ തീരുമാനമാണ് ഏററവും വലുതെന്ന് അദ്ദേഹം കരുതുന്നു. അതുകൊണ്ട് തനിക്കുള്ളതെന്തെന്നും യജമാനുള്ളതെന്തെന്നും വേർതിരിച്ചറിയാനുള്ള വിവേകം ഈ സേവകനുണ്ട്. രാവണനെ നിഗ്രഹിക്കാൻ പററിയ പല സന്ദർഭങ്ങൾ വന്നുചേർന്നിട്ടും ഹനുമാൻ അങ്ങനെ ചെയ്യാതിരുന്നത് ഈ വിശ്വാസത്തിന്റെ ദാർഢ്യം കൊണ്ടാണ്. മനസ്സിൽ പ്രതിഷേധവും കോപവും ഇരമ്പുമ്പോഴും അതൊക്കെ അടക്കി രാവണനെ യജമാനന്റെ ഇരയാക്കി മാററിവയ്ക്കാൻ ഹനുമാന് സാധിച്ചു.

'രാമാസ്ത്രത്തിനുവെച്ച നൈവേദ്യമെന്നോ, ഹാ, ഹാ
രാക്ഷസരാജാവിനെ സ്വാദുനോക്കാതെ വിട്ടു!
യമിതേന്ദ്രിയ, സ്വന്തം ബലത്തെ സ്വയം തള്ളും
ബലമേ, ഭവാൻ കൈക്കൊണ്ടാലുമെൻ പ്രണാമങ്ങൾ'

എന്നിങ്ങനെ ഹനുമാന്റെ നിലപാടിനെ കവി ന്യായീകരിക്കുന്നു. പോർക്കലി ആവേശിച്ചാൽ വിവേകം അസ്തമിക്കുകയാണ് പതിവ്. ഇവിടെ സ്വന്തം വീര്യത്തെക്കാൾ യജമാനഭക്തിയും ആദരവും ഈ വാനരനിൽ മുന്നിട്ടു നിൽക്കുകയാണ്. യമിതേന്ദ്രിയനായി നിന്നുകൊണ്ട് രാക്ഷസരാജാവിനെ സ്വാദുനോക്കാതെ വിട്ട ആ വിശാലമനസ്കത ഭാരതീയസംസ്കാരത്തിന്റെ തന്നെ ശാശ്വതമായ ഒരു മുദ്രയാണ്. ഹനുമാനിലൂടെ സ്വന്തം ആശയലോകത്തിന്റെ ചിത്രം അവതരിപ്പിക്കുകയാണ് ഇടശ്ശേരി. വഞ്ചിക്കപ്പെട്ടവന് തന്നെ പ്രതികാരനിർവഹണത്തിന് അവസരമൊരുക്കിക്കൊടുക്കുകയെന്ന സാമാന്യനീതിയാണ് ഇവിടെ പ്രവർത്തിക്കുന്നതെങ്കിലും ഇടശ്ശേരിയുടെ ഹനുമൽസങ്കീർത്തനം പറഞ്ഞുതരുന്നത് പൗരാണീകമായ ഈ സംഗതി മാത്രമല്ല, രാക്ഷസീയമായ വഞ്ചനകളിൽപ്പെട്ട് ജീവിതസാഹചര്യങ്ങളുടെയും ധാർമികമൂല്യങ്ങളുടെയും നഷ്ടം സംഭവിച്ച് മാനവവംശം ഉഴലുമ്പോൾ ധർമസംസ്ഥാപനത്തിനായുള്ള പുത്തനുണർവ് ശാരീരികമായ ബലങ്ങൾക്കപ്പുറം ഓരോരുത്തരുടേയും മനസ്സിൽ ഉയിർക്കൊള്ളണമെന്ന താത്വികമായ ആശയസംവേദനം കൂടിയാണ്.

'ക്രോധമല്ലോ നിജധർമക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം'

എന്ന വിശ്രുതമായ എഴുത്തച്ഛന്റെ ദർശനത്തിന്റെ സത്തയും ഹനുമാന്റെ ആത്മനിയന്ത്രണത്തിനുള്ളിൽ കുടികൊള്ളുന്നുണ്ട്. ( ഇതേ സംയമനം സീത പുലർത്തിയിരുന്നുവെന്ന് ത്യാഗരാജസ്വാമി 'മാ ജാനകീ-' എന്ന പ്രസിദ്ധമായ തെലുങ്കുകീർത്തനത്തിൽ പറയുന്നു. താനല്ല രാമനാണ് രാവണവധം ചെയ്യേണ്ടത് എന്ന ബോധം നിമിത്തമത്രേ സീത ലങ്കയിൽ സംയമനം പാലിച്ചത് - സമ്പാദകൻ)

ഹനുമാനെ കേന്ദ്രകഥാപാത്രമാക്കി ഇടശ്ശേരി എഴുതിയ മററൊരു പ്രസിദ്ധകവിതയുണ്ട്. 'ലവണാസുരവധത്തിലെ ഹനുമാൻ'. ഭാരതപ്പുഴയുടെ തീരത്ത് സുഹൃത്തുക്കളുമായിരുന്ന് 'ലവണാസുരവധം' കഥകളി കണ്ട ഓർമയിൽ നിന്നാണ് ആ കവിത പിറന്നത്. കവളപ്പാറ നാരായണൻ നായരുടെ കഥകളി വേഷത്തിനപ്പുറം കവിയുടെ മനസ്സിലെ വാത്സല്യാദരങ്ങളുടെ സ്രോതസ്സാവുകയാണ് ഹനുമാൻ. രാമായണകഥാസന്ദർഭം വിട്ട് ഹനുമാൻ എന്ന വിസ്മയവ്യക്തിത്വത്തിന്റെ അതീതതലങ്ങളിലേക്ക് കവി തീർഥയാത്ര നടത്തുകയാണ്. ഹനുമാനെക്കുറിച്ച് കവിക്കുള്ള ദാർശനികാഭിമുഖ്യം മുഴുവനും ആ കവിതയിൽ ഉണർന്നുവരികയാണ്. അവിടെയും ഭക്തിയും സംയമനവും തോൾചേർന്നു പോകുന്നതു കാണാം. സ്വാമിയുടെ യാഗാശ്വത്തെ പിടിച്ചുകെട്ടുന്ന കുശലവകുമാരന്മാരോട് ആദ്യം തോന്നുന്ന ഈർഷ്യ അടുത്തനിമിഷം ക്ഷമയും വാത്സല്യവുംകൊണ്ട് ഹനുമാൻ അടക്കുന്നു.

'സുക്ഷത്രവീര്യം, നന്നിവരെന്നെ
ശിക്ഷിക്കുമത്രെ ബാണത്താൽ!
മുഗ്ധരാമിവർ മൂർഖതകൊണ്ടു
മൂർച്ചകൂട്ടുന്നു രോഷത്തെ,
എങ്കിലുമൊരു വാത്സല്യ, മൊപ്പ-
മെങ്കരളിലുദിക്കയാം'

ഈ ഹൃദയോദാരതയാണ് ഹനുമാന്റെ ഏററവും വലിയ കരുത്ത്. ശാരീരിക ശക്തിയുടെ ഔന്നത്യത്തിനും മുകളിലെത്തി നിൽക്കുന്ന ഈ മാനസികബലമാണ് ആ വാനരവേഷത്തിന്റെ തനിമയായി ഇടശ്ശേരി തിരിച്ചറിഞ്ഞത്. ഹനുമാൻ ഉത്തമപുരുഷനിൽ ആഖ്യാതാവാകയാണ് 'ലവണാസുരവധത്തിലെ ഹനുമാനി'ൽ. 'ഹനുമൽസേവ തുഞ്ചൻപറമ്പിൽ' എന്ന കവിതയിലാകട്ടെ ആഖ്യാതാവായ കവിയുടെ സമ്പൂർണാദരം ഹനുമാൻ പിടിച്ചുപററുന്നു. ഹനുമാന്റെ അഷ്ടൈശ്വര്യസിദ്ധിയും ചിരംജീവിത്വവും ക്ഷമയുടേയും വിനയത്തിന്റെയും ആദരസമന്വയമായ ഭക്തിയുടേയും കൂടി ഫലമാണ്. ആ ചിരംജീവിത്വത്തിന്റെ സിദ്ധി ഉണ്ടാകണമെന്ന പ്രാർഥനയിലൂടെ തന്റെ അഹങ്കാരവും അധർമവാസനയും നശിക്കണമേ എന്ന ആത്മ നിവേദനവും നടത്താൻ കവിക്കു സാധിക്കുന്നു. സദ്ഗുണങ്ങൾകൊണ്ട് ഒരു വ്യക്തിത്വം ചിരംജീവിത്വമാർജിക്കുന്നു എന്ന പാഠമാണ് ഹനുമാന്റെ വൃത്താന്തത്തിലൂടെ ലോകം മനസ്സിലാക്കേണ്ടത്. അങ്ങനെ പൗരാണികാംശമുൾക്കൊള്ളുന്ന ഈ ചെറുകവിത സാർവകാലികമായൊരു ദാർശനികമാനം നൽകാൻ പ്രാപ്തമാകുന്നു.